(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിക്കുന്ന നടപടികൾ

4 [*208] ശ്രീ. സാജു പോൾ :
,, ടി. കെ. ബാലൻ :
,, വി. കെ. സി. മമ്മത്കോയ :
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇക്കാര്യത്തിൽ ഹ്രസ്വകാല പരിപാടികളും ദീർഘകാല പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ബോർഡ് അതിന്റെ ചെലവുകൾ ലഘൂകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക പിരിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ ആര്യാടൻ മുഹമ്മദ്): (എ & ബി) റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമായി പല പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. അവയുടെ വിശദാംശം താഴെ പറയുന്നു :

ഹ്രസ്വകാലാടിസ്ഥാനത്തിൽ

1. കേടായതും കാര്യക്ഷമതയില്ലാത്തതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.
2. ബില്ലിംഗ് മേഖലയും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവത്കരിക്കുക.
3. വൈദ്യുതി ചാർജ്ജ് പിരിവ് കാര്യക്ഷമമാക്കുക.
4. വൈദ്യുതി മോഷണം തടയുന്നതിന് ഊർജ്ജിത പ്രവർത്തനം നടപ്പിലാക്കുക.
5. ഉപയോഗശൂന്യമായ സാധനസാമഗ്രികളും പഴയ വാഹനങ്ങളും വിൽക്കാനുള്ള നടപടി സ്വീകരിക്കുക.
6. റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമാക്കുക.
7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.
8. 10,000 രൂപയിൽ താഴെയുള്ള തർക്കങ്ങൾ കോടതിക്കു പുറത്ത് അദാലത്ത് വഴി ഒത്തുതീർപ്പാക്കാൻ നടപടി സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ദീർഘകാല പരിപാടികൾ

1. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക.

2. കപ്പാസിറ്ററുകൾ സ്ഥാപിച്ച് സിസ്റ്റം നവീകരിക്കുക.

3. ഊർജ്ജ സംരക്ഷണം പ്രോൽസാഹിപ്പിക്കുക.

(സി) ചെലവുകൾ ലഘൂകരിക്കുന്നതിനായി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി പലിശ, അഡ്മിനിസ്ട്രേഷൻ ചാർജ്ജ്, പെൻഷൻ വിതരണത്തിനുള്ള ചെലവ്, വൈദ്യുതി വാങ്ങൽ തുടങ്ങിയ ഇനങ്ങളിലുള്ള ചെലവുകളിൽ സാരമായ കുറവ് വന്നിട്ടുണ്ട്. പ്രസ്തുത നടപടികൾ താഴെ പറയുന്നവയാണ്.

1. ഉയർന്ന പലിശനിരക്കിലുള്ള കടങ്ങൾ പുനഃക്രമീകരണംവഴി കുറഞ്ഞ പലിശനിരക്കിലേക്ക് കൊണ്ടുവന്നിട്ടുണ്ട്.

2. ജീവനക്കാരുടെ സറണ്ടർ ലീവ് ആനുകൂല്യം, ഹോളിഡേ വേജസ്, ഓവർടൈം അലവൻസ് തുടങ്ങിയവയിലും പെൻഷൻ തുക മണിയോർഡറായി അയയ്ക്കുന്നതുമൂലം നൽകുന്ന മണിയോർഡർ കമ്മീഷനിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

3. ടെലിഫോൺ ഉപയോഗം കുറയ്ക്കുക, വാഹനങ്ങൾ വാടകയ്ക്കെടുക്കുക എന്നിവ മൂലവും ചെലവ് കുറച്ചിട്ടുണ്ട്.

4. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി നാഫ്ത്ത, എൽ.എസ്.എച്ച്.എസ്. എന്നിവയുടെ തീരുവ കുറയ്ക്കുകവഴി ബോർഡിന്റെവൈദ്യുതി വാങ്ങൽ ചെലവിൽ കുറവു വരുത്താൻ സാധിച്ചിട്ടുണ്ട്.

5. എൻ. റ്റി. പി. സി. കായംകുളം താപനിലയത്തിന്റെ വൈദ്യുതിയുടെ സ്ഥാപിത ശേഷിയുടെ പകുതിഭാഗം തമിഴ്നാടിന് നൽകുന്നതിനാലും ബോർഡിന്റെ വൈദ്യുതിവാങ്ങൽ ചെലവിൽ കുറവ് വന്നിട്ടുണ്ട്.

6. മെറിറ്റ് ഓർഡർവഴി വൈദ്യുതി വാങ്ങുന്നതുമൂലവും, അവയിലബിലിറ്റി ബേസ്ഡ് താരിഫ് പ്രകാരം വൈദ്യുതി സ്വീകരിക്കുന്നതുവഴിയും വൈദ്യുതി വാങ്ങുന്ന ചെലവിൽ കുറവു വന്നിട്ടുണ്ട്.

7. കാലാകാലങ്ങളിൽ ഗവൺമെന്റ് സ്വീകരിച്ചു വരുന്ന സാമ്പത്തിക അച്ചടക്ക നടപടികൾ ബോർഡിലും സ്വീകരിച്ചതുവഴി അഡ്മിനിസ്ട്രേഷൻ, ജനറൽ ചെലവുകളിൽ കുറവു വരുത്തിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly